**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1239** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പാരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതുആസ്തികളായി നവകേരളം കർമ്മപദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി ആയി കിലയെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, 'ഹൈടെക് ലാബ്' - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതത് മേഖലകളിൽ കൂടുതൽ മികവിലേക്കെത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. മികവെന്നാൽ അക്കാദമിക മികവാണ്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാനും നിർവ്വഹണ പ്ലാനും തയ്യാറാക്കി. അതനുസരിച്ച് ഭാഷകൾ, ഗണിതം ശാസ്ത്രം, സാമൂഹിക ശാസ്ത്രം മേഖലകളിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. സാങ്കതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനത്തെളിവുകൾ സമൂഹവുമായി പങ്കിടാൻ പഠനോത്സവങ്ങൾ നടത്തി.പഠനത്തിൽ ശ്രദ്ധ ആവശ്യമുള്ളവർക്ക് പിന്തുണ നൽകാനായി "മലയാളത്തിളക്കം", "ഹലോ ഇംഗ്ലീഷ്", "സുരീലി ഹിന്ദി", "ഉല്ലാസ ഗണിതം" തുടങ്ങി എല്ലാ വിഷയങ്ങളിലും വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്നതലത്തിലേക്കെത്തിക്കാൻ ടാലന്റ് ലാബ് ആശയം പ്രയോഗപഥത്തിലേക്ക് കൊണ്ടുവന്നു.പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പാരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതുആസ്തികളായി നവകേരളം കർമ്മപദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. |

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, 'ഹൈടെക് ലാബ്' - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതത് മേഖലകളിൽ കൂടുതൽ മികവിലേക്കെത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. മികവെന്നാൽ അക്കാദമിക മികവാണ്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാനും നിർവ്വഹണ പ്ലാനും തയ്യാറാക്കി. അതനുസരിച്ച് ഭാഷകൾ, ഗണിതം ശാസ്ത്രം, സാമൂഹിക ശാസ്ത്രം മേഖലകളിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | നടത്തി. സാങ്കതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനത്തെളിവുകൾ സമൂഹവുമായി പങ്കിടാൻ പഠനോത്സവങ്ങൾ നടത്തി.പഠനത്തിൽ ശ്രദ്ധ ആവശ്യമുള്ളവർക്ക് പിന്തുണ നൽകാനായി "മലയാളത്തിളക്കം", "ഹലോ ഇംഗ്ലീഷ്", "സുരീലി ഹിന്ദി", "ഉല്ലാസ ഗണിതം" തുടങ്ങി എല്ലാ വിഷയങ്ങളിലും വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്നതലത്തിലേക്കെത്തിക്കാൻ ടാലന്റ് ലാബ് ആശയം പ്രയോഗപഥത്തിലേക്ക് കൊണ്ടുവന്നു.പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കഴിഞ്ഞിട്ടുണ്ട്. |
| (സി) | എയ്ഡഡ് വിദ്യാലയങ്ങൾക്കായി ഏർപ്പെടുത്തിയ ചലഞ്ച് ഫണ്ട് വിജയപ്രദമാണോ; ഈ പദ്ധതിയിൽ ഇതിനകം എത്ര വിദ്യാലയങ്ങൾ പങ്കാളികളായെന്ന് അറിയിക്കാമോ; | (സി) | വിജയപ്രദമാണ്. 64 സ്കൂളുകൾ പങ്കാളികളായിട്ടുണ്ട്. |
| (ഡി) | സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനത്തിൽ ക്രമക്കേട് കണ്ടെത്തിയിരുന്നോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ